**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4734** **20-07-2022 - ൽ മറുപടിയ്ക്ക്**

**പുതുവേലി ഹയർ സെക്കന്ററി സ്കൂൾ കെട്ടിടനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ചെങ്ങന്നൂർ ഏറ്റുമാന്നൂർ മൂവാറ്റുപുഴ റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി പുതുവേലി ഹയർ സെക്കന്ററി സ്കൂളിന്റെ ഭാഗങ്ങൾ പൊളിച്ചുമാറ്റിയത് പുനർനിർമ്മിക്കാൻ കഴിയാത്ത സാഹചര്യം വിവരിക്കാമോ; | (എ) | ചെങ്ങന്നൂർ ഏറ്റുമാന്നൂർ മൂവാറ്റുപുഴ റോഡിന്റെ അതിര് നിർണ്ണയിച്ച് ലഭിക്കുന്നതിന് താമസം നേരിട്ടതിനാൽ പുതുവേലി ഹയർ സെക്കന്ററി സ്കൂൾ നിർമ്മാണം നടത്തിയ കരാറുകാരൻ ബാലൻസ് പ്രവൃത്തിയായ retaining wall, compound wall തുടങ്ങിയവയുടെ നിർമ്മാണ പ്രവർത്തനത്തിൽ നിന്നും ഒഴിവാക്കി തരണമെന്ന് ആവശ്യപ്പെടുകയും ആയതിനാൽ കരാറുകാരനെ ക്ലോഷർ എഗ്രിമെന്റ് വെച്ച് ഒഴിവാക്കുകയും ഉണ്ടായി. ടി സാഹചര്യം മൂലമാണ് ടി സ്കൂളിന്റെ നിർമ്മാണ പ്രവൃത്തികൾക്ക് താമസമുണ്ടായിരിക്കുന്നത്. |
| (ബി) | പ്രസ്തുത റോഡിന്റെ കോൺട്രാക്ടർ ക്ലോഷർ എഗ്രിമെന്റ് വച്ച് പ്രവൃത്തിയിൽ നിന്നും പൂർണമായും ഒഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (ബി) | പുതുവേലി ഹയർസെക്കന്ററി സ്കൂൾ പ്രവൃത്തിയുടെ കരാറുകാരൻ ക്ലോഷർ എഗ്രിമെന്റ് വച്ച് പൂർണ്ണമായും ഒഴിഞ്ഞിട്ടുണ്ട്. |
| (സി) | ഇതു സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് പ്രസ്തുത പ്രവൃത്തിയിൽ നിന്നും കോൺട്രാക്ടറെ ഒഴിവാക്കി സ്കൂൾ കെട്ടിടത്തിന്റെ പൊളിച്ചിട്ട ഭാഗങ്ങൾ പുനർനിർമ്മിക്കാൻ അടിയന്തര നടപടി സ്വീകരിക്കാമോ; | (സി) | പ്രസ്തുത പ്രവൃത്തിയിൽ നിന്നും കരാറുകാരനെ ക്ലോഷർ എഗ്രിമെന്റ് വെച്ച് വിടുതൽ ചെയ്ത് നൽകുകയും ബാലൻസ് തുക ഉപയോഗിച്ച് സ്കൂൾ കെട്ടിടത്തിന്റെ പൊളിച്ചിട്ട ഭാഗങ്ങൾ പുനർ നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| (ഡി) | പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിൽ നിന്നും സി.ഇ./ബി.എൽ./ 84418/2021 നമ്പർ ഫയൽ പ്രകാരം കെ.എസ്സ്.ടി.പി.ക്ക് എസ്റ്റിമേറ്റ് സമർപ്പിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; എസ്റ്റിമേറ്റ് അടിയന്തരമായി സമർപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിൽ CE/BL/KTM/A1/84419/21 പ്രകാരം KSTP യ്ക്ക് അതിർത്തി നിർണ്ണയം സംബന്ധിച്ചുള്ള കത്തിടപാടുകളാണ് നടത്തിയിട്ടുള്ളത്. പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിൽ നിന്നും തീയതി 24.11.2021 പ്രകാരം KSTP ചീഫ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്. സ്കൂൾ കെട്ടിടത്തിന്റെ ബാലൻസ് പ്രവൃത്തിയ്ക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ